# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-1028/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 07/10/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-1028/2023 തീയ്യതി: 07/10/2023

## ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-01-2023 മുതൽ 06-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 07-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ

ശ്രീമതി. ഷംലത്ത് എം.എസ്, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി. അശ്വതി വി.നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

ശ്രീമതി. ഷൈനി എം.ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| നിഷമോൾ ബിനോജ് | പ്രസിഡന്റ് | 01-04-2022 | 31-10-2022 |
| ജോമോൻ വി റ്റി | പ്രസിഡന്റ് | 01-11-2022 | 16-11-2022 |
| ജയ്മോൾ ജോൺസൺ | പ്രസിഡന്റ് | 17-11-2022 | 31-03-2023 |
| സാം കെ സലാം | സെക്രട്ടറി | 01-04-2022 | 05-12-2022 |

| | | | |
|---|---|---|---|
| സുനിൽ കുമാർ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-12-2022 | 28-12-2022 |
| സാം കെ സലാം | സെക്രട്ടറി | 29-12-2022 | 02-03-2023 |
| സുനിൽ കുമാർ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2023 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാം കെ സലാം | സെക്രട്ടറി | 01-04-2022 | 05-12-2022 |
| സുനിൽ കുമാർ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-12-2022 | 28-12-2022 |
| സാം കെ സലാം | സെക്രട്ടറി | 29-12-2022 | 02-03-2023 |
| സുനിൽ കുമാർ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2023 | 31-03-2023 |
| ഷീജ കെ ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 07-10-2022 |
| രാജിമോൾ രാജു | അസിസ്റ്റന്റ് എഞ്ചിനിയർ | 08-10-2022 | 31-03-2023 |
| ജോൺസൺ എം വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| മേരിക്കുട്ടി മാണി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| സുജിത പി എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ .പിച്ചൈ മുരുകൻ | വെറ്റിനറി സർജൻ | 01-04-2022 | 30-09-2022 |
| ഡോ.അഖിൽ രാജ് | വെറ്റിനറി സർജൻ | 01-10-2022 | 31-03-2023 |
| ഡോ. ബിബിൻ പ്രസാദ് കെ | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| മിനിമോൾ കെ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീധരൻ ഇ ആർ | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ | 01-04-2022 | 31-05-2022 |
| മുരുഗേശൻ എസ് | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ | 01-06-2022 | 01-07-2022 |
| ശ്രീലതാ പി കെ | ഹെഡ്മിസ്ട്രസ് ഗവ.എൽ.പി.സ്കൂൾ | 02-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഓൺലൈൻ പേമെന്റ് ആയി അക്കൌണ്ടിൽ വന്ന തുക ബന്ധപ്പെട്ട ഹെഡുകളിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളും അതാത് ഡിമാന്റ് രജിസ്റ്ററുകളിലെ സംക്ഷിപ്തവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | നികുതി/നികുതീതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | Excess Of Income Over Expenditure തുകയുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | ഗ്രാന്റ് വിനിയോഗം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗത്തിലെ ഗുരുതരമായ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 60 ലക്ഷത്തിൽപ്പരം രൂപ | 1-3-1 |
| 12 | റവന്യൂ പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 1.75ലക്ഷത്തിലധികം രൂപ | 1-3-2 |
| 13 | പദ്ധതി അവലോകനം | 1-4 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 15 | ക്ഷേമ പെൻഷനുകൾ | 1-6 |
| 16 | ക്യാഷ് പരിശോധന | 1-7 |
| 17 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 18 | തനതുവരുമാനം പലിശരഹിത അക്കൌണ്ടിൽ സൂക്ഷിക്കുന്നു | 1-9 |
| 19 | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ ഇടപാടുകൾക്ക് ബാങ്ക് ചാർജ് ഈടാക്കുന്നു. | 1-10 |
| 20 | വാർഷിക കണക്കുകളിൽ Recoveries Payable ഇനത്തിൽ അവശേഷിക്കുന്ന തുക ക്രമീകരിച്ചിട്ടില്ല | 1-11 |
| 21 | തനത് വിഭവ സമാഹരണം- അവലോകനം | 1-12 |
| 22 | തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-13 |
| 23 | പാരാ മെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 1-14 |
| 24 | വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു | 1-15 |
| 25 | ഈ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല | 1-16 |
| 26 | മരുന്നുകൾ ലഭ്യമായില്ല | 1-17 |
| 27 | സുൽത്താനിയ കുടിവെള്ളപദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-18 |
| 28 | തുമ്പൂർമൂഴി മാലിന്യസംസ്കരണപ്ലാന്റ് നിലവിൽ പ്രവർത്തനരഹിതം | 1-19 |
| 29 | ഹരിത കർമസേനാപ്രവർത്തനം കാര്യക്ഷമമല്ല | 1-20 |
| 30 | മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്ക് കൈമാറിയ തുകകളുടെ വിനിയോഗരേഖകൾ ഹാജരാക്കിയില്ല | 1-21 |

| | | |
|---|---|---|
| 31 | ഹൈമാസ്റ്റ് തെരുവു വിളക്ക് സ്ഥാപിയ്ക്കൽ -പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല | 1-22 |
| 32 | വെള്ളക്കരം ഗ്രാമപഞ്ചായത്തിന് വൻബാധ്യതയാകുന്നു | 1-23 |
| 33 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-24 |
| 34 | ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല | 1-25 |
| 35 | സംയോജിത പദ്ധതികൾ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സുൽത്താനിയ കുടിവെള്ളപദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനവൽ അദ്ധ്യായം 4-ലെ ഖണ്ഡിക 4.2.1 & അദ്ധ്യായം 11 -ലെ ഖണ്ഡിക 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 22.07.2023-ലെ 4(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 22.07.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി അയ്യപ്പൻകോവിൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇടുക്കി

തൊടുപുഴ
7.10.2023

1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ, എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

ധനകാര്യപത്രികയുടെ 1-18 പത്രികയിൽ Prior Period Income /Expenditure ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളും നികുതിയിനങ്ങളിൽ നൂറ് ശതമാനം പിരിവും സാധൂകരിക്കുന്ന നോട്ട്സ് ഓൺ അക്കൌണ്ട്സ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

1-1-2 ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26/07/2011-ലെ ജി.ഒ (എം.എസ്) 152/2011 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2023-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ കാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-4 ഓൺലൈൻ പേമെന്റ് ആയി അക്കൌണ്ടിൽ വന്ന തുക ബന്ധപ്പെട്ട ഹെഡുകളിലേയ്ക്ക് മാറ്റിയിട്ടില്ല

എസ്.ബി.ഐ കട്ടപ്പന ശാഖയിലുള്ള ഓൺലൈൻ പേമെന്റ് അക്കൌണ്ടിൽ 24.02.2022 മുതൽ 29.03.2023 വരെയുള്ള തീയതികളിൽ വസ്തുനികുതിയിനത്തിൽ ലഭിച്ച തുകയിൽ 4291 രൂപ നിലവിലും ബന്ധപ്പെട്ട ഹെഡിലേക്ക് രേഖപ്പെടുത്തൽ വരുത്താതെ അവശേഷിക്കുന്നു.

1-1-5 വാർഷിക കണക്കുകളിലെ തുകകളും അതാത് ഡിമാന്റ് രജിസ്റ്ററുകളിലെ സംക്ഷിപ്തവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

1. വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ നിർണയിച്ചിരിയ്ക്കുന്ന വർഷാവസാന സംക്ഷിപ്തവും (Demand-Collection-Balance) വാർഷിക ധനകാര്യ പത്രികയിലെ തുകകളും പൊരുത്തപ്പെടുന്നില്ല.
2. മുൻകൂറായി ലഭിക്കുന്ന തുക വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വിവിധയിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള മുൻകൂർ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

1-1-6 നികുതി/നികുതീതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സോഫ്റ്റ് വെയറിൽ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല.

1-1-7 Excess Of Income Over Expenditure തുകയുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല

ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പട്ടികയിൽ Deficit Of Income Over Expenditure ആയി (-)4,46,02,658 രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്ര ഭീമമായ തുക തൻവർഷം കുറവുണ്ടാകാനിടയായതിനെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. ഡിപ്രിസിയേഷൻ കണക്കാക്കിയതിന് അനുബന്ധമായ ജേണൽ വൌച്ചറുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിൽ ഉണ്ടായ അപാകതമൂലമാണോ ഇത്തരത്തിൽ ഭീമമായ തുക കുറവുണ്ടായത് എന്ന്

ഉറപ്പാക്കാനായിട്ടില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| ബജറ്റ് നിർദ്ദേശങ്ങൾ ക്ഷണിക്കൽ | 18.01.2022 |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | V/തീ. 11.03.2022 |
| ഭരണസമിതി അംഗീകാരം | I/തീ. 19.03.2022 |
| ബജറ്റ് പുതുക്കൽ ഭരണസമിതി അംഗീകാരം | I(1)/തീ. 21.03.2023 |

| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 50732273 | 50732273 |
| വരവ് | 124370400 | 188134217 |
| ആകെ | 175102673 | 238866490 |
| ചെലവ് | 127765000 | 191490460 |
| നീക്കിയിരിപ്പ് | 47337673 | 47376030 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള സമയക്ലിപ്തതയും നടപടിക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പാലിച്ചിട്ടില്ല. മാർച്ച് 31 എന്ന സാങ്കേതിക തീയതിയുടെ പരിമിതി മറികടക്കുന്നതിന് സാധിച്ചിട്ടുണ്ടെങ്കിലും അതിനു മുൻപുള്ള ഒരുക്കങ്ങൾ പൂർണമായിരുന്നില്ല. നവംബർ മാസമുള്ള വിവരശേഖരണം, ജനവരി ആദ്യ വാരമുള്ള ബജറ്റ് അവതരണം എന്നിവ കലണ്ടർ പ്രകാരം നടന്നിട്ടില്ല.

അംഗീകരിച്ച ബജറ്റും ധനകാര്യപത്രിയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. വളരെ ശുഷ്കമായ വരുമാനസ്രോതസുകളും വർദ്ധിച്ചുവരുന്ന റവന്യൂ ചെലവുകളും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ സഹായമില്ലാതെ മുന്നോട്ടുപോകാൻ കഴിയാത്ത കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് ഗ്രാമപഞ്ചായത്ത് കടന്നു പോകുന്നത്. എന്നാൽ കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഫലപ്രദവും കാര്യക്ഷമവുമായ ധനവിനിയോഗം സാധ്യമാക്കുന്നതിനും പര്യാപ്തമായ രീതിയിൽ ബജറ്റ് തയ്യാറാക്കൽ പ്രക്രിയ പുരോഗമിച്ചിട്ടില്ലെന്ന് അവയിലെ തുകകളും ധനകാര്യപത്രികയിലെ തുകകളും തമ്മിലുള്ള താരതമ്യ പഠനത്തിൽ നിന്ന് വ്യക്തമാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം | ധനകാര്യപത്രിക പ്രകാരം |
|---|---|---|
| വസ്തു നികുതി | 3050000 | 2564267 |
| തൊഴിൽ നികുതി | 1050000 | 813920 |

| | | |
|---|---|---|
| വാടക | 427000 | 386760 |
| ഫീസുകൾ | 362500 | 2232079 |
| ലേലം, വിൽപനകൾ | 151000 | 45126 |
| എസ്റ്റാ. ചെലവുകൾ | 21675000 | 12124212 |
| ഭരണച്ചെലവുകൾ | 2062000 | 1243257 |
| സംരക്ഷണ – നടത്തിപ്പ് ചെലവുകൾ | 1116000 | 805682 |

തുടർന്നു വരുന്ന വർഷത്തെ വരുമാന വർദ്ധനവ്, ചെലവുകളിലെ സാമ്പത്തിക അച്ചടക്കം, കാര്യക്ഷമത എന്നിവ ഉറപ്പു വരുത്തുന്നതിന് ആധാരശിലയാകേണ്ടതാണ് ബജറ്റ്. ഉചിത പരിഹാര നടപടികൾക്കായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻബാക്കി ₹ | അലോട്ട്മെന്റ് വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് – പൊതുവിഭാഗം | 0 | 17225700 | 17225700 | 13961231 | |
| വികസന ഫണ്ട് – എസ്.സി.പി. | 0 | 4383920 | 4383920 | 2373140 | |
| വികസന ഫണ്ട് – റ്റി.എസ്.പി. | 0 | 561000 | 561000 | 415469 | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 2545504 | 5093000 | 7638504 | 2329239 | 5,309,265* |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 1013415 | 3395000 | 4408415 | 1995902 | 2,412,513* |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 0 | 4570000 | 4570000 | 2478425 | |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 0 | 5295000 | 5295000 | 567966 | |
| ഐ.സി.ഡി.എസ്. | 279766 | 935200 | 1214966 | 659326 | 555,640 |
| സമ്പൂർണ്ണ ശുചിത്വം (320100181) | 303843 | 0 | 303843 | 0 | 303,843 |
| ടോട്ടൽ സാനിറ്റേഷൻ (320300103) | 397775 | 0 | 397775 | 15000 | 382,775 |
| സാക്ഷരത | 7024 | 2340 | 9364 | 5040 | 4,324 |
| Grants For Specific Purpose (320200399) | 792432 | 0 | 792432 | 0 | 792432 |
| Grants For Specific Purpose (320400199) | 810000 | 0 | 810000 | 0 | 810,000 |
| MGNREGS | 9688 | 31606064 | 31615752 | 30578175 | 1,037,577 |
| 320100202 Health Grant -Infra Structure To PHCs | 0 | 268341 | 268341 | 98939 | 169,402 |
| 320100204 Health Grant- Health And Wellness Centres | 0 | 141998 | 141998 | 81777 | 60,221 |

കുറിപ്പ്- * സുലേഖ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം CFC Tied, Basic ഗ്രാന്റുകളുടെ തൻവർഷ ചെലവുകൾ യഥാക്രമം ₹3349416/, ₹2863792/- ആണ്. എന്നാൽ സാംഖ്യ-ഇ-ഗ്രാം സ്വരാജ് പോർട്ടലുകളിലെ അക്കൌണ്ടിംഗ് ക്രമീകരണങ്ങൾ സമയബന്ധിതമായി സാധ്യമാകാതെ വന്നതിനാൽ സുലേഖ-സാംഖ്യ/ILGMS- ലെ തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു. ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ് ) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1470579 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1007400 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 72616 |
| വികസന ഫണ്ട്-റ്റി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 196013 |

2) G.O.(Rt) No.4585/2022/FIN Dated 23.06.2022പ്രകാരം ലഭിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് & അൺ-ടൈഡ്) തുക

ബാങ്കിൽ വരവായി വന്നിട്ടില്ല.

| ഇനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) തുക | ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) തുക |
|---|---|---|
| തുക | 1601238 | 257699 |

3) അനുബന്ധം 4 പ്രകാരം വികസനഫണ്ട് പൊതുവിഭാഗത്തിൽ അലോട്ട്മെന്റ് ₹1,74,01,080/- ആയിരുന്നു. G.O.(MS) No.179/2022/FIN Dated 18.10.2022 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 90 ശതമാനം പിരിവ് കൈവരിക്കാതിരുന്നതിനാൽ ₹1,75,380/- രൂപ കുറവു ചെയ്തതിനുശേഷം ₹ 1,72,25,700/- രൂപ മാത്രമാണ് ഗ്രാന്റിനത്തിൽ വരവ് ലഭിച്ചത്.

4) വികസന ഫണ്ട് ജനറലിൽ സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്.

5) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

6) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

### 1-3-1 ഗ്രാന്റ് വിനിയോഗത്തിലെ ഗുരുതരമായ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 60 ലക്ഷത്തിൽപ്പരം രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021ലെ ജി.ഒ.(എംഎസ്).79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം പ്രസ്തുത വർഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി ഓവർ ചെയ്ത് ലഭ്യമാകുന്നത്. ചെലവു പരിധി 80 ശതമാനം കൈവരിക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും 80 ശതമാനവും തമ്മിലുള്ള വ്യത്യാസം (T0tal Allotment X 80% - Actual Expenditure) ഷോർട്ട്ഫോൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിക്കുന്ന ഷോർട്ട്ഫോളിന് തുല്യമായ തുക തുടർന്നുള്ള വർഷത്തെ വികസനഫണ്ട് പൊതുവിഭാഗം ഫണ്ടിൽ നിന്ന് പരിഹാര വകയിരുത്തലായി മാറ്റിവെയക്കേണ്ടതുമുണ്ട്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് പൊതുവിഭാഗം വികസനഫണ്ട് മാത്രമാണ് നിശ്ചിത 80% പരിധി അധികരിച്ച് ചെലവഴിക്കാനായത്. തൻമൂലം ഷോർട്ട് ഫോളായി 60 ലക്ഷത്തിൽപ്പരം രൂപയാണ് നഷ്ടമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ഷോർട്ട് ഫോൾ ഇനത്തിൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (SCP) | 4383920 | 2373140 | 54.13 | 876784 | 1133996 * |
| വികസന ഫണ്ട് (TSP) | 561000 | 415469 | 74.05 | 112200 | 33331 * |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 5295000 | 567966 | 10.73 | 1059000 | 3668034 |

| | | | | | |
|---|---|---|---|---|---|
| ആസ്തിപരിപാലന ഗ്രാന്റ് (റോഡിതരം) | 4570000 | 2478425 | 54.23 | 914000 | 1177575 |
| ആകെ | | | | | 6012936 |

*വികസന ഫണ്ട് (SCP), (TSP) എന്നിവയുടെ ചെലവിൽ തൻവർഷമുണ്ടായ കുറവിന് (ആകെ -1167327/-) തുല്യമായ തുക അടുത്ത വർഷം പൊതുവിഭാഗം ഫണ്ടിൽ നിന്ന് പരിഹാര വകയിരുത്തൽ നടത്തുന്നതാണ്.

നിർവഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ നിസ്സഹകരണം, ഗ്രാമപഞ്ചായത്തിന്റെ കാലാവസ്ഥാപരവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകൾ സർക്കാർ ശ്രദ്ധയിൽപ്പെടുത്തി ആസ്തി പരിപാലന ഗ്രാന്റ് വിനിയോഗത്തിൽ ഇളവ് തേടാതിരിയ്ക്കൽ, സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം വർഷാവസാനമുണ്ടായ ട്രഷറി നിയന്ത്രണം എന്നിവയാണ് ഗ്രാന്റ് വിനിയോഗത്തിലെ കുറവിന് ചൂണ്ടിക്കാട്ടുന്ന കാരണങ്ങൾ. വികസനപരമായി ഏറെ പിന്നിൽ നിൽക്കുന്ന ഗ്രാമപഞ്ചായത്തിന് വാർഷിക പദ്ധതി നിർവഹണത്തിനായി ലഭിച്ച തുകകൾ അധികൃതരുടെ കെടുകാര്യസ്ഥത മൂലം നഷ്ടപ്പെട്ടത് ഒട്ടുതന്നെ അംഗീകരിക്കാവുന്ന വസ്തുതയല്ല. കോവിഡ് കാലയളവിൽ അംഗൻവാടി മുഖേന നടത്തിയ പോഷകാഹാരവിതരണ പരിപാടിയ്ക്കായി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിയ സ്ഥാപനത്തിന് അനുവദിക്കേണ്ട 18.47 ലക്ഷം രൂപ നൽകാൻ മാർഗങ്ങളില്ലാതെ വിഷമിയ്ക്കുന്ന അവസരത്തിലാണ് ഇത്തരത്തിൽ നിരുത്തരവാദപരമായി അറുപത് ലക്ഷത്തിലധികം രൂപ നഷ്ടപ്പെടുത്തിയതെന്ന കാര്യം പ്രത്യേകം കാണേണ്ടതാണ്. അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുക മാത്രമല്ല അനിവാര്യ വകയിരുത്തലുകൾക്കുപോലും തികയാതെ വരുന്ന അവസ്ഥയ്ക്കും ഹേതുവാകുന്നതാണ്. ഭീമമായ ഷോർട്ട് ഫോളിലൂടെ ഗ്രാമപഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടമുണ്ടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ വീഴ്ച വരാതിരിക്കാൻ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-3-2 റവന്യൂ പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 1.75ലക്ഷത്തിലധികം രൂപ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യൂ ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്, വികസന ഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമത്തെ റിപ്പോർട്ടിലെ 8-ാം നമ്പർ ശുപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ഇ.ഒ(എംഎസ്) 179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തികവർഷം റവന്യൂ പിരിവിൽ 90% കൈവരിക്കാതിരുന്നത് മുൻനിർത്തി വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്ന് ₹175380/- കുറവ് വരുത്തിയാണ് സർക്കാർ തൻവർഷത്തെ അലോട്ട്മെന്റ് നൽകിയത്. ഷോർട്ട് ഫോളും പരിഹാര വകയിരുത്തലും നിമിത്തം നിർബന്ധിത പ്രോജക്ടുകൾക്കുപോലും തുക കണ്ടെത്താൻ വിഷമിക്കുന്ന ഗ്രാമപഞ്ചായത്തിന് പ്രസ്തുത തുക കൂടി നഷ്ടപ്പെട്ട സാഹചര്യം ഏറെ ദൗർഭാഗ്യകരമാണ്. നികുതി പിരിവിന്റെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി , പിരിവ് വിഭാഗം ജീവനക്കാർ എന്നിവരുടെ ക്രിയാത്മക ഇടപെടലുകളുടെ അഭാവമാണ് തുക നഷ്ടപ്പെടാൻ കാരണമായത്. ദൈനംദിന

ആവശ്യങ്ങൾക്കുപോലും സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കുന്ന ഗ്രാമപഞ്ചായത്ത് റവന്യൂ പിരിവിൽ വീഴ്ച വരുത്തിയത് ഒട്ടുംതന്നെ അംഗീകരിക്കാവുന്ന നടപടിയല്ല. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ വീഴ്ച്ച ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അധികൃതരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-4 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 69848312 | 108 | 32212603 | 28 | 55 | 66.2 |

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 05 | 02 | 3424000 | 607100 |
| വെറ്ററിനനറി സർജൻ | 05 | 01 | 3215400 | 200000 |
| MO(PHC) | 08 | 08 | 2331460 | 1767567 |
| VEO | 21 | 20 | 21020600 | 11760056 |
| ICDS SUPERVISER | 11 | 10 | 4938886 | 3147841 |
| ഗ്രാമപഞ്ചായത്ത് Secretary | 36 | 28 | 7175853 | 5116472 |
| DFI | 01 | 01 | 1204193 | 890000 |
| ഹെഡ്മാസ്റ്റർ GLPS | 03 | 01 | 1416736 | 175000 |
| AE,LSGD | 73 | 37 | 25121184 | 8548567 |
| ആകെ | 163 | 108 | 69848312 | 32212603 |

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

| ഇനം | തീരുമാന നം,/ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 29.06.2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 04.07.2022 മുതൽ 12.07.2022 വരെ |
| വികസന സെമിനാർ | 18.07.2022 |
| ഭരണാനുമതി | I(1)/ തീ. 20.07.2022 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം | 677/2022/DPC/DPO/IDK<br>തീ. 06.03.2023 |

സർക്കാരിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സാമ്പത്തിക പ്രതിസന്ധി വാർഷികപദ്ധതി നിർവഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. യഥാസമയം ഫണ്ടുകൾ അലോട്ടു ചെയ്ത് ലഭിക്കാതിരുന്നതും, ലഭ്യമായ തുക പിൻവലിക്കുന്നതിലുണ്ടായ ട്രഷറി നിയന്ത്രണവും പദ്ധതി പ്രവർത്തനത്തെ ഏറെ സങ്കീർണമാക്കി. തുച്ഛമായ തനതു ഫണ്ടു നീക്കിയിരുപ്പ് മാത്രം കൈമുതലായുള്ള പഞ്ചായത്ത് സർക്കാർ അനുവദിക്കുന്ന ഗ്രാന്റുകൾ മാത്രം ആശ്രയിച്ചാണ് പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. മുൻ സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ക്യൂ-ബില്ലായി ഉൾപ്പെട്ടുപോയ തുകകൾ നടപ്പു വർഷത്തെ അലോട്ടുമെന്റിൽ നിന്ന് പിൻവലിക്കേണ്ടി വന്നിട്ടുള്ളത് പദ്ധതി പ്രവർത്തനത്തെ ദോഷകരമായ ബാധിക്കുന്ന സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്. പദ്ധതിപ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്ത് നേരിട്ട വൈഷമ്യങ്ങൾ ഇതൊക്കെയാണെങ്കിലും ഏറെ നിർണായകവും പദ്ധതി നിർവഹണത്തിലെ പരാജയത്തിലേക്ക് വഴി തെളിച്ചതും ഫണ്ട് വിനിയോഗത്തിലെ ഗുരുതരമായ വീഴ്ചയാണ്. വികസന ഫണ്ട് പൊതുവിഭാഗം ഒഴികെയുള്ള സർക്കാർ ഗ്രാന്റുകളൊന്നും അനിവാര്യ ചെലവു പരിധിയായ 80 ശതമാനത്തിലധികം ചെലവഴിക്കാൻ കഴിയാതിരുന്നതുമൂലം തുടർന്നുള്ള വർഷം

സർക്കാർ ഗ്രാന്റിനത്തിൽ ഭീമമായ തുക നഷ്ടമാകുന്നതിനും ഇതര ഗ്രാന്റുകളിലേക്ക് പരിഹാര വകയിരുത്തൽ നടത്തേണ്ടതിനും കാരണമായി.

ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞില്ല. അസി. എൻജിനിയർ, വെറ്ററിനറി സർജ്ജൻ, ഗ്രാപഞ്ചായത്ത് സെക്രട്ടറി എന്നിവർ വേണ്ട രീതിയിൽ വാർഷിക പദ്ധതിയുമായി സഹകരിക്കാതിരുന്നത് പദ്ധതിത്തുക വിനിയോഗത്തെ സാരമായി ബാധിച്ചു.
- സേവന മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളിലൂടെ ലൈഫ് ഭവന പദ്ധതി, വൃദ്ധർക്ക് കട്ടിൽ, കമ്പിളി, വിദ്യാർത്ഥികൾക്ക് സ്കോഷർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കാൻ കഴിഞ്ഞത് നേട്ടമായി.
- ഗ്രാമീണ റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. എന്നാൽ അവ കോൺക്രീറ്റ് ചെയ്ത് നവീകരിക്കുന്നതിന് ആസ്തി പരിപാലന ഗ്രാന്റ് വിനിയോഗിക്കുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ ഇതിനായി തയ്യാറാക്കിയ പ്രോജക്ടുകളെല്ലാം ഉപേക്ഷിക്കേണ്ടി വന്നു. ഇത് വാർഷിക പദ്ധതിയുടെ പരാജയത്തിന് കാരണമായിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത, കാലാവസ്ഥ എന്നിവ പരിഗണിച്ച് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണത്തിന് സർക്കാരിൽ നിന്ന് ഇളവ് നേടാൻ ഭരണസമിതി തലത്തിൽ ശ്രമം നടത്താത്ത പക്ഷം സ്ഥിതി തുടർന്നുള്ള വർഷങ്ങളിൽ വളരെ രൂക്ഷമാകുന്നതാണ്.
- വൻതുക ചെലവഴിച്ച് നിർമാണം പൂർത്തീകരിച്ച തുമ്പൂർമുഴി മോഡൽ ജൈവമാലിന്യ സംസ്കരണ പ്ലാന്റ് നിലവിൽ പ്രവർത്തനം നിലച്ച അവസ്ഥയിലാണ്. വരുമാനദായകമായ രീതിയിൽ അതിന്റെ പ്രവർത്തനം തുടർന്നുകൊണ്ടുപോകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമസേനാ പ്രവർത്തനങ്ങൾ പൂർണതോതിൽ സജ്ജമായിട്ടില്ല.
- സുൽത്താനിയാ കുടിവെള്ള പദ്ധതി നടത്തിപ്പിലെ ഗൗരവമേറിയ ക്രമക്കേട് സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
- സുൽത്താനിയ, കന്നിയ്ക്കൽ പുതുവൽ എസ്.സി കോളനികളിൽ സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുതിബന്ധം ലഭ്യമാക്കാത്തതിനാൽ പ്രവർത്തനസജ്ജമായില്ല.

അപാകങ്ങൾ പരിഹരിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമവും ജനോപകാരപ്രദവുമായി നടപ്പാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. വിവിധ സമിതികളുടെ അടിയന്തിര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9688 | 1027889 | 1037577 | 0 | 1,037,577 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 30578175 | 30578175 | 30578175 | |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 600 | 02 |
| കർഷക തൊഴിലാളി പെൻഷൻ | 1042800 | 115 |
| വിധവ പെൻഷൻ | 5786200 | 534 |
| വാർദ്ധക്യകാല പെൻഷൻ | 14117800 | 1342 |
| വികലാംഗ പെൻഷൻ | 2007000 | 180 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 257600 | 23 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2023ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1225/-യുടെ (ആയിരത്തി ഇരുനൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കുറവ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പതിമൂന്നംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന താഴെ പട്ടികയിൽ പരാമർശിക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| സെക്രട്ടറി | 01 |
| ഹെഡ്ക്ലാർക്ക് | 01 |
| ഹെഡ് അക്കൗണ്ടന്റ് | 01 |
| സീനിയർക്ലാർക്ക് | 03 |
| ക്ലാർക്ക് | 04 |
| ഓഫീസ് അറ്റന്റന്റ് | 01 |
| ഡ്രൈവർ | 01 |
| ഫുൾടൈം ലൈബ്രേറിയൻ | 01 |
| പാർട് ടൈം സ്വീപ്പർ | 02 |

ഇതോടൊപ്പം കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റും പ്രോജക്ട് അസിസ്റ്റന്റും സേവനം അനുഷ്ഠിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.
2. മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വായ്പാ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. മുൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്യുന്നതിൽ വന്നിട്ടുള്ള പോരായ്മകൾ ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
3. അതത് മാസങ്ങളിലെ വരവ് -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.
4. ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണനിർവഹണത്തിൽ പുരോഗതിയുണ്ട്.
5. തനതു വരുമാനസ്രോതസുകൾ വളരെ പരിമിതം സർക്കാർ ഗ്രാന്റിനെ ആശ്രയിച്ച് ദൈനംദിനച്ചെലവുകൾ നടത്തുന്നു. എന്നാൽ 2021-22 വർഷം റവന്യൂ പിരിവിൽ സംഭവിച്ച വീഴ്ച മൂലം സർക്കാർ ഗ്രാന്റിനത്തിൽ 1.75 ലക്ഷം രൂപ നഷ്ടപ്പെട്ട സാഹചര്യം അതീവ ഗൗരവമർഹിക്കുന്നു.
6. വാടക ഒഴികെയുള്ള തൻവർഷത്തെ പ്രധാന റവന്യൂ ഡിമാന്റ് തുകകൾ പൂർണമായും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.
7. വരവുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.
8. വാഹനത്തിന്റെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കുന്നുണ്ട്. ലോഗ് ബുക്കിൽ ഇന്ധനം നിറയ്ക്കൽ, ഉപഭോഗം, പ്രതിമാസ ക്ലോസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തുന്നു. ഇവയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമാണ്.
9. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.
10. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ബഹു ഭൂരിപക്ഷം ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്.
11. വാർഷിക പദ്ധതി നിർവഹണത്തിൽ ഉദ്യോഗസ്ഥ-ഭരണസമിതി ഭാഗത്തു നിന്നും ഗുരുതര വീഴ്ചയുണ്ടായി. നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാതിരുന്നതും വാർഷിക പദ്ധതിയ്ക്ക് വകയിരുത്തിയ തുകകൾ യഥാവിധി ചെലവഴിക്കാൻ കഴിയാതിരുന്നതും മോണിട്ടറിംഗ് സമിതിയുടെ ഭാഗത്തു നിന്നുള്ള ഗൗരവമേറിയ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു.
12. പദ്ധതി വിഹിതം യഥാസമയം ചെലവഴിക്കാതിരുന്നതുമൂലം 2024-25 സാമ്പത്തികവർഷം 60 ലക്ഷത്തിലധികം രൂപ നഷ്ടമാകുന്ന സാഹചര്യം പദ്ധതിനിർവഹണത്തിലെ പ്രതിസന്ധി രൂക്ഷമാകാൻ കാരണമാകും.
13. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദു ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-9 തനതുവരുമാനം പലിശരഹിത അക്കൌണ്ടിൽ സൂക്ഷിക്കുന്നു

ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയേതര വരുമാനം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് എസ്.ബി.ഐ കട്ടപ്പന ശാഖയിൽ ഒരു അക്കൗണ്ട് പരിപാലിക്കുന്നുണ്ട് (നം.37119202116). നികുതി വരവുകൾക്കൊപ്പം പഞ്ചായത്തിന് അനുവദിക്കപ്പെട്ട ലൈഫ് ഭവന പദ്ധതി വായ്പാ തുക, സംസ്ഥാന വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയും പ്രസ്തുത അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യത്തിനായി സർക്കാർ ലഭ്യമാക്കുന്ന തുകകൾ തനതു ഫണ്ടിന്റെ ലോഡ്ജിംഗിനായി ആരംഭിച്ചിട്ടുള്ള പ്രസ്തുത അക്കൗണ്ടിൽ നിലനിർത്തി വിനിയോഗിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. ഈ വിഷയം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പരിഹാര നടപടികൾ സ്വീകരിക്കാത്തത് ഗൗരവത്തോടെ കാണേണ്ട വസ്തുതയാണ്. കറന്റ് അക്കൗണ്ടായതിനാൽ പ്രസ്തുത അക്കൌണ്ടിൽ നിന്നും പലിശ ഇനത്തിലുള്ള വരുമാനം ലഭിക്കുന്നില്ല. 30.07.2023 വരെയുള്ള പാസ്സ് ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം ഈ അക്കൗണ്ടിൽ 52,63,949.84/- രൂപ അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതു വഴി ഗണ്യമായ തുക പലിശയിനത്തിൽ ഇതിനോടകം നഷ്ടപ്പെട്ടിട്ടുണ്ട്. നികുതിയിനത്തിലെ നീക്കിയിരിപ്പ് അടിയന്തിരമായി പിൻവലിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ സ്ഥിരനിക്ഷേപമാക്കി മാറ്റുകയോ ചെയ്ത് പലിശ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒപ്പം ലൈഫ് ഭവന പദ്ധതി ധനസഹായ തുകകൾ പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി വിനിയോഗം യഥാവിധി നിയന്ത്രിക്കേണ്ടതുമാണ്.

1-10 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ ഇടപാടുകൾക്ക് ബാങ്ക് ചാർജ് ഈടാക്കുന്നു.

ഗ്രാമപ്പഞ്ചായത്തിന്റെ തനതുഫണ്ട് സൂക്ഷിക്കുന്ന യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ മാട്ടുക്കട്ട ശാഖയിലെ (അക്കൗണ്ട് നം.423202010029639) ഇടപാടുകൾക്ക് (Charges For PORD എന്ന Description-ൽ) ബാങ്ക് ചാർജ് ഈടാക്കുന്നുണ്ട്. ചെക്കുകൾ ക്ലിയർ ചെയ്യുന്നതിന് പണം നൽകേണ്ടി വരുന്നതുമൂലം ഓരോ മാസവും ഗണ്യമായ തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നു. ഗ്രാമപഞ്ചായത്തിന്റെ പൊതുവായ സാമ്പത്തികസ്ഥിതി വളരെ പരിതാപകരമായിരിക്കെ ഈയിനത്തിലും തുക നഷ്ടപ്പെടുന്നത് ഒട്ടുംതന്നെ അംഗീകരിക്കാവുന്നതല്ല. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കുന്നതിനായി ബാങ്ക് അധികൃതരുമായി കൂടിയാലോചന നടത്തുന്നതിനും, അനുകൂലമായ നിലപാട് ഇല്ലാത്തപക്ഷം സൌകര്യപ്രദമായ മറ്റൊരു ബാങ്കിലേയ്ക്ക് തനതുഫണ്ട് നിക്ഷേപം മാറ്റുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-11 വാർഷിക കണക്കുകളിൽ Recoveries Payable ഇനത്തിൽ അവശേഷിക്കുന്ന തുക ക്രമീകരിച്ചിട്ടില്ല

ധനകാര്യ പത്രികയുടെ ബി-9 പത്രികയിൽ Recoveries Payable എന്ന ശീർഷകത്തിൽ VAT, Flood Cess, Value Of Court Fee Stamp തുടങ്ങിയ ഇനങ്ങളിൽ തുകകൾ ഒടുക്കുവാൻ ശേഷിയ്ക്കുന്നതായി കാണുന്നു. ഇവ സർക്കാരിലേക്ക് ഒടുക്കേണ്ട കാലാവധി ഇതിനോടകം കഴിഞ്ഞതിനാൽ നിലനിർത്തിയിട്ടുള്ള തുകകളുടെ ആധികാരകത വ്യക്തമല്ല. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഇനം | നീക്കിയിരിപ്പ് തുക |
|---|---|
| VAT | 2880 |
| Flood Cess | 93 |

ആധികാരികത ഉറപ്പാക്കിയതിനു ശേഷം തുക സർക്കാരിലേക്ക് അടവാക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിൽ

അറിയിക്കേണ്ടതുമാണ്.

1-12 തനത് വിഭവ സമാഹരണം- അവലോകനം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിൽ ക്രമമായ പുരോഗതി കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യക്കമ്മീഷൻ തങ്ങളുടെ രണ്ടാമത് റിപ്പോർട്ടിലെ 30(v) ഖണ്ഡികയിലൂടെ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തദനുസരണം റവന്യു വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് ഏറ്റെടുത്ത് നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.12.2022-ലെ AA3/45/2022 നമ്പർ കത്തിലൂടെ സർക്കാർ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും, ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും, നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദ പരിശോധനയ്ക്ക് വിധേയമാക്കി. പരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള അവലോകനക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ സിംഹഭാഗവും കൃഷിഭൂമിയാണ്. ഏലം, കുരുമുളക്, തുടങ്ങിയ നാണ്യവിളകൾ കൃഷി ചെയ്തു വരുന്നു. ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്ന ജനങ്ങളാണ്. വരുമാനദായകമായ തൊഴിൽ സംരംഭങ്ങളോ വൻകിട കച്ചവടസ്ഥാപനങ്ങളോ ഗ്രാമപഞ്ചായത്തിൽ കുറവാണ്. സർക്കാർമേഖലയിലുള്ള സ്ഥാപനങ്ങളും കുറവാണ്. ഇക്കാരണത്താൽത്തന്നെ ഗ്രാമപഞ്ചായത്തിന് തനതുവരുമാനവും വളരെ കുറവാണ്. പ്രസ്തുത സാഹചര്യം ഗ്രാമപഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനങ്ങൾക്കും വികസനപ്രവർത്തനങ്ങൾക്കും ഒരു പരിധിവരെ തടസ്സമാകുന്നുമുണ്ട്. വസ്തു നികുതി, തൊഴിൽനികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള ലൈസൻസ് ഫീസുകൾ തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റിനു പുറമെയുള്ള പ്രധാന വരുമാന സ്രോതസുകൾ. ഗ്രാമപഞ്ചായത്തിന്റെ പൊതുവായ സാമ്പത്തിക പ്രതിസന്ധി ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിശകലനം ചെയ്ത് പ്രശ്നപരിഹാരത്തിനുള്ള സാധ്യതകൾ വിലയിരുത്തിയതായി മിനിറ്റ്സ് രേഖകളിലെ രേഖപ്പെടുത്തലുകളിൽ കാണുന്നു.

റവന്യു വിഭവ സമാഹരണത്തിൽ ഭരണസമിതിയുടെ പങ്ക്

ഭരണ സമിതി യോഗങ്ങളിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ 100% പിരിവുലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. 2021 -22 സാമ്പത്തിക വർഷത്തിലെ നികുതി പിരിവിൽ ഉണ്ടായ കുറവു മൂലം 18.10.2022 ലെ ജി.ഒ എം.എസ് 179/2022/ധന ഉത്തരവ് പ്രകാരം വികസന ഫണ്ട് (പൊതു വിഭാഗം) അലോട്ട്മെന്റ് ഇനത്തിൽ ₹1,75,310/- സ്രോതസ്സിൽ കുറവ് ചെയ്ത ശേഷമാണ് ലഭിച്ചത്. തനത് വരുമാന സ്രോതസ്സുകൾ കുറവുള്ള പഞ്ചായത്തിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

പ്രധാന വരവിനങ്ങളുടെ നിർണയം, ഡിമാന്റ്, പിരിവ്, രേഖസൂക്ഷിപ്പ് തുടങ്ങിയ നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) വസ്തുനികുതി -നികുതി പരിഷ്കരണ നടപടിക്രമങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-3-2023-ലെ ജി.ഒ(എം.എസ്) 77/2023 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള

മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ ജി.ഒ(പി) നം 25/2023നമ്പർ ഉത്തരവ് പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 10.05.2023 ൽ ചേർന്ന കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം7(2)). കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷം പ്രാബല്യത്തിലുണ്ടായിരുന്ന നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ കെട്ടിടത്തിനും 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. (19.05.2023 ലെ എജിപി/2023/1072) കരട് വിജ്ഞാപനം 03.06.2023ൽ പത്രങ്ങളിലും ഗ്രാമപഞ്ചായത്തിലും ഘടകസ്ഥാപനങ്ങളിലുമുള്ള നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിച്ചു. എന്നാൽ ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് മേഖല, റോഡ് എന്നിവയുടെ തരംതിരിവും അതിർത്തികൾ നിശ്ചയിക്കലും സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിന് 10.05.2023 ൽ കൂടിയ പഞ്ചായത്ത് യോഗത്തിൽ തീരുമാനിക്കുകയും (അജണ്ട-7 തീരുമാനം-3) ആയതനുസരിച്ച് സംബന്ധിച്ച് കരട് വിജ്ഞാപനം തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രസിദ്ധപ്പെടുത്തി ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമവിജ്ഞാപനമായിട്ടില്ല. കെട്ടിടങ്ങളുടെ തറ വിസ്തീർണത്തിലും ഉപയോഗക്രമങ്ങൾക്കും ആദ്യ നികുതി നിർണയത്തിനു ശേഷം മാറ്റം വന്നിട്ടുണ്ടോയെന്ന് ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. തദനുസരണം ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പുതുക്കിയ വസ്തു നികുതി നിരക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബി) <u>തൊഴിൽനികുതി</u>

തൊഴിൽനികുതി നൽകാൻ ബാധ്യസ്ഥമായ ജീവനക്കാരുള്ള സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളും ഗ്രാമമപഞ്ചായത്തിൽ പൊതുവെ കുറവാണ്. ജീവനക്കാരുടെ തൊഴിൽ നികുതി തുക കൃത്യമായി ഡിമാന്റ് നോട്ടീസ് നൽകി ഈടാക്കി വരുന്നുണ്ടെങ്കിലും. വാർഷിക ധനകാര്യ പത്രിക പ്രകാരം സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ കുടിശിക അവശേഷിക്കുന്നു. ഈ വിഭാഗത്തിൽ കാര്യമായ വർദ്ധനവിന് സാധ്യത കുറവാണ്.

സി) <u>ലൈസൻസ് ഫീസുകൾ</u>

കാർഷിക മേഖലയായതിനാൽ വൻകിട വ്യവസായങ്ങൾക്കുള്ള പശ്ചാത്തലസൗകര്യങ്ങൾ വളരെ കുറവാണ്. മേരികുളം, മാട്ടുക്കട്ട, ചപ്പാത്ത് എന്നിവയാണ് ഗ്രാമപഞ്ചായത്തിലെ പ്രധാന വാണിജ്യകേന്ദ്രങ്ങൾ. വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. എന്നാൽ വ്യാപാരികൾക്ക് പ്രത്യേക ഡിമാന്റ് നമ്പരുകൾ നൽകി വാർഡ് അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കിയിട്ടില്ല. ആകയാൽ ഡിമാന്റായി സൂചിപ്പിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല. ലൈസൻസ് ഫീസ്, തൊഴിൽനികുതി ഇനങ്ങളിൽ നഷ്ടമുണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്താൻ പ്രാദേശിക പരിശോധനയുൾപ്പടെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

ഡി) <u>വാടക, കുത്തകാവകാശം</u>

ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക, ഒരു പ്രധാന വരുമാന സ്രോതസ്സാണ്. 2021-22 സാമ്പത്തിക വർഷത്തിൽ 16 മുറികൾ ലേലം ചെയ്തിരുന്നെങ്കിലും, മുറികളുടെ അവസ്ഥ മോശമായതിനാൽ 2022-23 വർഷത്തിൽ 12 മുറികളാണ് ലേലം

ചെയ്തിട്ടുള്ളത്. 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മുറികളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനു തീരുമാനിച്ചിട്ടുണ്ട്. മുറികൾ ഉപയോഗ യോഗ്യമാക്കി വാടക ഇനത്തിലെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

ഇ) രേഖ സൂക്ഷിപ്പ്

വസ്തു നികുതിയുടെ നിർണയം, ഡിമാന്റ്, പിരിവ് നടപടികൾ സഞ്ചയ സോഫ്റ്റ്വെയർ മുഖേനയാണ് നിയന്ത്രിക്കുന്നത്. ILGMS സോഫ്റ്റ് വെയർ വിന്യാസത്തിന്റെ ഭാഗമായി നടത്തിയ ക്രമീകരണങ്ങളെത്തുടർന്ന് അതിലൂടെ ലഭിക്കുന്ന ക്രോഡീകൃത സംഖ്യകളുടെ ആധികാരകതയിൽ അവ്യക്തത നിലനിൽക്കുന്നു. മറ്റു വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

1-13 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

1. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളുടെയും ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കാണുകയുണ്ടായി.

| ക്രമ നം. | സ്ഥാപനം | തുക | അർദ്ധവർഷം | | റിമാർക്സ് |
|---|---|---|---|---|---|
| 1. | അയ്യപ്പൻകോവിൽ ഗ്രാമ പഞ്ചായത്ത് കാര്യാലയം | 1000 | - | II | പാർട്ടൈം സ്കാവഞ്ചർ ശ്രീ. പി.എം.ബോസിന്റെ നികുതി |
| 2. | കരിമറ്റം പ്ലാന്റേഷൻസ് | 12500 | I | II | മുൻവർഷത്തെ നികുതി ആസ്പദമാക്കിയുള്ള ഡിമാന്റ് |
| 3. | നിർമലഗിരി എസ്റ്റേറ്റ് പളനിക്കാവ് | 6000 | I | II | --ടി-- |
| 4. | രത്തൻ പ്ലാന്റേഷൻസ് | 8950 | I | II | --ടി-- |
| 5. | മലബാർ അഗ്രികൾച്ചറൽ കമ്പനി | 3700 | I | II | --ടി-- |
| 6. | അക്ഷയ ചപ്പാത്ത് | 2000 | I | II | --ടി-- |
| | ആകെ | 34150 | | | |

2. 2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനം | തുക | അർദ്ധവർഷം | |
|---|---|---|---|---|
| 1 | നെടുംപറമ്പിൽ എസ്റ്റേറ്റ് | 2500 | I | II |
| 2 | നിർമലഗിരി എസ്റ്റേറ്റ് | 2500 | I | II |
| 3 | രത്തൻ പ്ലാന്റേഷൻസ് | 2500 | I | II |
| 4 | മലബാർ അഗ്രികൾച്ചറൽ കമ്പനി | 2500 | I | II |
| 5 | നൻമ സൂപ്പർമാർക്കറ്റ് | 2500 | I | II |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.2/തീ. 08.08.2023) നൽകിയതിനെത്തുടർന്ന് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരനിൽ നിന്ന് ഈടാക്കേണ്ട തുക ഈടാക്കുകയും ശേഷിക്കുന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുകകൾ കാലഹരണപ്പെടുന്നതിന് മുൻപ് പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-14 പാരാ മെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 270-ാം വകുപ്പ്, 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ അനുസരിച്ച്, മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുവാൻ പാടുള്ളതല്ല.

നികുതി നിർണയം നിയന്ത്രിക്കുന്നതിന് വിന്യസിച്ചിട്ടുള്ള സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ ഉപയോഗക്രമമനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 05 കെട്ടിടങ്ങൾ സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവ കൃത്യമായി രജിസ്റ്റർ ചെയ്യുകയോ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്യുന്നില്ല. കൃത്യമായി ഇത്തരം സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നുവെന്ന് ഉറപ്പു വരുത്താനാവശ്യമായ സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. പ്രസ്തുത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | കെട്ടിട നം |
|---|---|
| III | 349 |
| III | 479 |
| VI | 233 |
| VII | 64 |
| IX | 337 |

പൊതു ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കാൻ ബാധ്യതപ്പെട്ട ഗ്രാമപഞ്ചായത്ത്, അനുമതി കൂടാതെ സ്ഥാപനങ്ങളെ പ്രവർത്തിക്കാനനുവദിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഇത്തരം സ്ഥാപനങ്ങളെ ലൈസൻസിന്റെയും തൊഴിൽനികുതിയുടെയും പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങളനുസരിച്ച് "വാണിജ്യ ആവശ്യം" എന്ന ഉപയോഗക്രമത്തിൽ നികുതി നിർണയിക്കപ്പെട്ട 630 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. എന്നാൽ ഖരമാലിന്യ പരിപാലനപരിപാടികളുടെ പുരോഗതി വിലയിരുത്തുന്നതിന് കില വികസിപ്പിച്ച വാർറൂം പോർട്ടലിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകളനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ 281 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കണക്കുകളിലെ പ്രസ്തുത അന്തരത്തിന് കാരണം ലഭ്യമാക്കിയിട്ടില്ല. 2022-2023 സാമ്പത്തിക വർഷം 177 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതെന്ന് ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ലായെന്ന് മേൽ കണക്കുകളിൽനിന്ന് വ്യക്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനമെന്ന നിലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ബാധ്യതയുള്ള ഗ്രാമപഞ്ചായത്ത് ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുവദിച്ച നടപടി ഒട്ടുംതന്നെ അംഗീകരിക്കാവുന്നതല്ല. ഫീൽഡ്തല പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതി, ധനകാര്യ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-16 ഈ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ളതും, അല്ലാത്തതുമായ ഇ ടെണ്ടർ

നടപടികളിലൂടെ നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കിയിരുന്നത്. പ്രസ്തുത തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി, ഇതിനോടകം ഒടുക്കിയ തുകകളുടെ കണക്കുകൾ തേടുകയും വിതരണചുമതല അതത് സബ്ഡിവിഷൻ അസി. എക്സി. എൻജിനീയർമാരെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. ഇ ടെണ്ടർ ഫീസിനത്തിൽ 2016-17 മുതൽ 2021-22 വരെ എക്സി. എൻജിനിയറുടെ അക്കൗണ്ടിൽ ഒടുക്കിയ ₹1,64,615/- ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യണമെന്ന് 03.11.2022-ലെ 42/AE/LID&EW /AYK/22-23നമ്പർ കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ തുക നാളിതുവരെയായി കൈമാറിക്കിട്ടിയിട്ടില്ല.

നിലവിൽ ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ച് അതിൽ ടെൻഡർ ഫോം വില സ്വീകരിക്കുവാൻ അനുവാദമുണ്ട്. ആയതിനുവേണ്ടി എസ്.ബി.ഐയുടെ കട്ടപ്പന ബ്രാഞ്ചിലെ 41419257775 നമ്പർ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ ഇടപാടുവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഇ-ടെൻഡർ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയ തുകകളും, പ്രസ്തുത ആവശ്യത്തിന് ഗ്രാമപഞ്ചായത്ത് ആരംഭിച്ച അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുകകളും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-17 മരുന്നുകൾ ലഭ്യമായില്ല

നിർവ്വഹണോദ്യോഗസ്ഥൻ :- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ (S023/23) ഭാഗമായി മരുന്നുകൾ വാങ്ങുന്നതിനുവേണ്ടി ₹2,99,999/- (BRN 22100852010801212364/20.2.2023) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് എൻട്രി വരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-18 സുൽത്താനിയ കുടിവെള്ളപദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | അസി. എൻജിനിയർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | എസ് 048/2023സുൽത്താനിയ എസ്.സി. കോളനി കുടിവെള്ള പദ്ധതി |
| വകയിരുത്തൽ | ₹300000/-( വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | ₹248815/- |
| ബിൽ വിവരങ്ങൾ | BRN 22100852014100152992 തീ.31-5-2022 |

സുൽത്താനിയ എസ്.സി. കോളനിയിൽ നിലവിലുള്ള 16 ചതുരശ്രമീറ്റർ വിസ്തീർണമുള്ള കുളം 3 മീറ്റർ ആഴം കൂട്ടി റിംഗ് വാർക്കുന്നതിനും, 118.7മീറ്റർ നീളത്തിൽ 63 Mm HDPE പൈപ്പ് സ്ഥാപിക്കുന്നതിനും, ബലക്ഷയം സംഭവിച്ചിട്ടുള്ള കുളത്തിന്റെ പാർശ്വത്തിലുള്ള കൽക്കെട്ട് പൊളിച്ചുകെട്ടുന്നതിനുമാണ് 2021-22 വർഷം ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ടിലൂടെ, (എസ്073/22) ലക്ഷ്യമിട്ടത്. അതുപ്രകാരം ₹3,00,000/- ആണ് അടങ്കൽ തുകയായി നിശ്ചയിച്ചിരുന്നത്. എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ.ജയേഷ് കെ. നായർ, കൊല്ലനിക്കൽ, മേരികുളം എന്നയാളുടെ ദർഘാസ് അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് 04.03.2022 ലെ 2(1) നമ്പർ തീരുമാന പ്രകാരം നിർവഹണാനുമതി നൽകി. എന്നാൽ മൺപണിയുടെ അളവ് കുറയുകയും,

50mm HDPE പൈപ്പ് കൂടുതലായി ഉപയോഗിക്കേണ്ടതായും വരുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ 17.03.2022-ലെ 1(1) നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് പുതുക്കുകയും, കുളം വൃത്തിയാക്കിയതിനും 1500 മീറ്റർ നീളത്തിൽ 50mm HDPE പൈപ്പ് സ്ഥാപിച്ചതുമായി രേഖപ്പെടുത്തി (എം.ബുക്ക് നം.663/LID&EW/AEE/KTP/21-22) ₹2,48,815/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിലും സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പദ്ധതി പ്രദേശം നേരിൽ സന്ദർശിച്ചതിലും ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒരിക്കൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർവ്വഹണച്ചുമതല കരാറുകാരന് നൽകിയ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനങ്ങൾ പൂർണ്ണമായി ഭേദഗതി വരുത്തി റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും റീടെണ്ടർ നടപടികളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചില്ല.

2. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ ഭൗതികപരിശോധനയിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടില്ലായെന്ന് ബോധ്യപ്പെട്ടു. വാങ്ങിയ പൈപ്പുകളിൽ 940 മീറ്റർ പൈപ്പ് പദ്ധതി പ്രദേശത്ത് അലക്ഷ്യമായി കൂട്ടിയിട്ടുള്ളതായി കണ്ടു. നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി (ടാങ്കിൽ നിന്നുള്ള വിതരണ പൈപ്പ് ലൈനിലെ തകരാർ പരിഹരിക്കുന്നതിന്) 350 മീറ്റർ പൈപ്പ് ഉപയോഗിച്ചതായും അസി. എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 1290 മീറ്റർ പൈപ്പ് മാത്രമേ ഭൗതിക പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടുള്ളത്.

3. വാങ്ങിയ സാധനങ്ങൾ യഥാവിധി സ്ഥാപിക്കാതെ അളവു പുസ്തകത്തിൽ രേഖപ്പെടുത്തി തുക അനുവദിച്ച നടപടി ക്രമപ്രകാരമുള്ളതല്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (5/10-8-23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഭൗതികപരിശോധനയിൽ കണ്ടെത്താൻ സാധിക്കാത്ത 210 മീറ്റർ പൈപ്പിന് (1500-1290) ചെലവായ തുക ₹29,770/-(141.76/മീ.) ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രോജക്റ്റിൽ വിഭാവനം ചെയ്ത പ്രകാരം പൈപ്പ് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ബാക്കി ചെലവ്തുക ₹2,19,045/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി യഥാവിധി പൂർത്തിയാക്കാത്ത പക്ഷം ചെലവഴിച്ച തുക പൂർണ്ണമായും പ്രവർത്തി നിർവഹിച്ച കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കേണ്ടതും കരാറുകാരെനതിരെയും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെയും ആവശ്യമായ വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് ശുപാർശ ചെയ്യുന്നു.

## 1-19 തുമ്പൂർമൂഴി മാലിന്യസംസ്കരണപ്ലാന്റ് നിലവിൽ പ്രവർത്തനരഹിതം

അയ്യപ്പൻകോവിൽ ഗ്രാമപ്പഞ്ചായത്തിലെ മാട്ടുക്കട്ട ഷോപ്പിംഗ് കോംപ്ലക്സിൽ എം.സി.എഫിനോട് അനുബന്ധമായി തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തിച്ചിരുന്നു. എന്നാൽ ഇത് നിലവിൽ പ്രവർത്തനരഹിതമാണ്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് ശേഖരിക്കുന്ന ജൈവമാലിന്യം സംസ്കരിക്കുന്നതിനായി വൻതുക ചെലവഴിച്ച് നിർമിച്ച പ്ലാന്റ് പ്രവർത്തനരഹിതമായത് മാലിന്യസംസ്കരണത്തിന് ഏറെ വിഘാതം സൃഷ്ടിക്കുന്നുണ്ട്. ആവശ്യമായ ജീവനക്കാരെ നിയമിച്ച് പരിശീലനം നൽകി പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കേണ്ടതാണ്. ഇതിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യത്തിൽ മാലിന്യസംസ്കരണ പ്ലാന്റിന്റെ പ്രവർത്തനാവകാശം ലേലം ചെയ്തു നൽകുന്ന വിഷയം ഭരണസമിതി വിലയിരുത്തി അനുയോജ്യമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. പഞ്ചായത്തിലെ മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച വിഷയത്തിൽ സത്വരനടപടികൾ കൈക്കൊള്ളുന്നതിൽ ഭരണസമിതിയുടെയും ജീവനക്കാരുടേയും കൂട്ടായ പ്രവർത്തനം ഉണ്ടാകേണ്ടതാണ്.

## 1-20 ഹരിത കർമസേനാപ്രവർത്തനം കാര്യക്ഷമമല്ല

കേരള സർക്കാരിന്റെ നവകേരളം പദ്ധതിയിൽ ഉൾപ്പെട്ട ഹരിതകേരളം പ്രോജക്റ്റ് പ്രകാരം ക്ലീൻ കേരള മിഷന്റെ സഹായത്തോടെ വിഭാവനം ചെയ്ത ഹരിതകർമസേനയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തിലും നടന്നു വരുന്നു. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർക്കാണ് നിലവിൽ സേനയുടെ ഏകോപന ചുമതല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12.08.2020-ലെ ജി.ഒ(ആർടി.) 1496/2020 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിക്കപ്പെട്ട മാർഗരേഖയിലെ നിർദ്ദേശാനുസരണമാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ആകെയുള്ള 13 വാർഡുകളിലേക്ക് രണ്ടുവീതം സന്നദ്ധപ്രവർത്തകരെ നിയോഗിച്ച് പ്ലാസ്റ്റിക്, മറ്റ് അജൈവ മാലിന്യങ്ങൾ എന്നിവ ശേഖരിച്ച്, മാട്ടുക്കട്ടയിലുള്ള MCF-ൽ എത്തിച്ച്, തരംതിരിച്ച് സംസ്കരിക്കുന്ന പ്രവർത്തനമാണ് നടക്കുന്നത്. മാലിന്യശേഖരണ-സംസ്കരണ പ്രവർത്തനവുമായി ജനങ്ങൾ നല്ല രീതിയിൽ സഹകരിക്കാത്തതിനാൽ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. വസ്തുനികുതി കണക്കുകൾ ക്രോഡീകരിക്കപ്പെടുന്ന സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ വിവരങ്ങളനുസരിച്ച് പാർപ്പിട ആവശ്യങ്ങൾക്ക് നികുതി നിർണയിക്കപ്പെട്ട 5262 കെട്ടിടങ്ങളും വാണിജ്യ ഉപയോഗക്രമമുള്ള 630 കെട്ടിടങ്ങളും ഗ്രാമപഞ്ചായത്തിലുണ്ട്. വീടുകൾക്ക് ₹50/-യും വ്യാപാരസ്ഥാപനങ്ങൾക്ക് ₹100/-യുമാണ് യൂസർഫീ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ആ നിലയ്ക്ക് പ്രതിമാസം ആകെ ₹3,26,100/- യൂസർഫീ ആയി ലഭിക്കേണ്ടതാണ്. ഇതിൽ നിന്ന് പത്തു ശതമാനം തുക ഹരിത കർമസേനാ കൺസോർഷ്യത്തിലേക്ക് മുതൽക്കൂട്ടിയാലും നല്ല രീതിയിലുള്ള പ്രവർത്തനം സാധ്യമാകുന്ന പക്ഷം സേനാംഗങ്ങൾക്ക് മികച്ച വരുമാനം പ്രദാനം ചെയ്യാൻ കഴിയുന്നതാണ്. നിലവിൽ പ്രതിമാസം ₹7,000/- പോലും ലഭിയ്ക്കാത്തതിനാൽ സേനാംഗങ്ങളിൽ പലരും പ്രവർത്തനം ഉപേക്ഷിച്ച് പോകുന്ന പ്രവണത കൂടുന്നതായി നിർവഹണ ഉദ്യോഗസ്ഥനിൽനിന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. അജൈവ മാലിന്യശേഖരണത്തോട് കൂടുതലും വാണിജ്യ സ്ഥാപനങ്ങളാണ് മുഖം തിരിഞ്ഞ് നിൽക്കുന്നതെന്ന് സേനാംഗങ്ങളുടെ പ്രതിനിധി ഓഡിറ്റ് വേളയിൽ വെളിവാക്കുകയുണ്ടായി. വാതിൽപ്പടി പാഴ് വസ്തു ശേഖരണ സേവനം നൽകുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിനു കീഴിലുള്ള മൂന്നാം പട്ടികയിൽ ഉൾപ്പെടുന്ന അനിവാര്യ ചുമതലയിൽപ്പെടുന്ന വിഷയമായതിനാൽ അതിന് യൂസർഫീ പിരിക്കുന്നത് നിയമ വിധേയമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 06.01.2023-ലെ ജി.ഒ(ആർ.ടി) 41/2023 നമ്പർ ഉത്തരവിലൂടെ സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. കൂടാതെ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾക്ക് യൂസർഫീ ഒടുക്കിയ രസീത്/ഗ്രീൻ കാർഡ് അനിവാര്യ രേഖയായി പരിഗണിക്കണമെന്നും ഈ ഉത്തരവിൽ നിർദ്ദേശമുണ്ട്. ആകയാൽ പദ്ധതിയുമായി സഹകരിക്കാത്തവർക്കെതിരെ കർശന നടപടികൾ പ്രസ്തുത ഉത്തരവിന്റെ പിൻബലത്തിൽ സ്വീകരിച്ച് ഹരിതകർമസേനാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, ഗ്രാമപഞ്ചായത്ത് തല ഹരിത ഓഡിറ്റ് കമ്മിറ്റി എന്നിവരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

തൻവർഷം ഹരിത കർമ്മസേനക്ക് ആവശ്യമായ രസീതു ബുക്കുകൾ, യൂണിഫോം, ബൂട്ട് തുടങ്ങിയവയും വാങ്ങുന്നതിനായി വികസനഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിക്കുകയും ഈ പദ്ധതിയ്ക്കായി ₹1,18,048/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ നടക്കുകയും യൂസർഫീ ഇനത്തിൽ വരുമാനം ലഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി വികസനഫണ്ട് ഉപയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കി എല്ലാ സ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ഈടാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്ക് കൈമാറിയ തുകകളുടെ വിനിയോഗരേഖകൾ ഹാജരാക്കിയില്ല

മഴക്കാല രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ശുചീകരണ-ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു വാർഡിന് പതിനായിരം രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകൾക്കായി ആകെ ₹1,30,000/- പി.എച്ച്. സി മെഡിക്കൽ ഓഫീസർക്ക് കൈമാറിയിരുന്നു. (വൗച്ചർ നം.22200157/ 26.05.2022). എന്നാൽ ഒരു വാർഡിലെ വിനിയോഗരേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ശുചീകരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച് അവ നടപ്പാക്കുന്നതിനും അവയുടെ ചെലവ് രേഖകൾ തയ്യാറാക്കുന്നതിനും ചുമതലപ്പെട്ട പി.എച്ച്.സി യിലെ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരും (ഹെൽത്ത് ഇൻസ്പെക്ടർമാർ) കണക്കുകൾ ക്രോഡീകരിക്കുന്നതിന് ചുമതലപ്പെട്ട ക്ലറിക്കൽ വിഭാഗം ഉദ്യോഗസ്ഥരും ഈ വീഴ്ചക്ക് ഉത്തരവാദികളാണ്. രേഖകളുടെ അഭാവത്തിൽ ശേഷിയ്ക്കുന്ന ₹1,20,000/-ഓഡിറ്റിൽ തടസ്സപ്പെടുത്തു. തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-22 ഹൈമാസ്റ്റ് തെരുവു വിളക്ക് സ്ഥാപിയ്ക്കൽ -പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ :-ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ഗ്രാമപഞ്ചായത്ത് തൻവർഷം രണ്ട് പട്ടികജാതി കോളനികളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ എറ്റെടുത്തിരുന്നു. സുൽത്താനിയ, കന്നിയ്ക്കൽ, പുതുവൽ എന്നീ കോളനികളിൽ KREWS -ൽനിന്ന് നേരിട്ട് വാങ്ങിയ തെരുവു വിളക്കുകൾ സ്ഥാപിച്ചുവെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തതിനാൽ അവ യഥാർത്ഥ ലക്ഷ്യം കൈവരിക്കാനുതകുംവിധം പ്രവർത്തനസജ്ജമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം, പേര് | എസ്135/2023 സുൽത്താനിയ എസ്.സി കോളനി ഹൈമാസ്റ്റ് ലൈറ്റ് | എസ്136/2023 സുൽത്താനിയ എസ്.സി കോളനി ഹൈമാസ്റ്റ് ലൈറ്റ് |
| ചെലവഴിച്ച തുക | ₹148500/- | ₹148500/- |
| ബിൽ വിശദാംശങ്ങൾ | BRN 22100852013701543838/ 28.03.2023 | BRN 22100852013701543856/ 28.03.2023 |

വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് 10.07.2023- ലെ എസ്.സി13-10024/2023 നമ്പർ കത്ത് മുഖേന വൈദ്യുതി ബോർഡിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. സമയബന്ധിതമായ ഇടപെടലുകളിലൂടെ വൈദ്യുതബന്ധം ലഭ്യമാക്കി പ്രോജക്ട് യഥാവിധി സാക്ഷാത്ക്കരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-23 വെള്ളക്കരം ഗ്രാമപഞ്ചായത്തിന് വൻബാധ്യതയാകുന്നു

ഗ്രാമപഞ്ചായത്തിൽ കേരള ജല അതോറിറ്റി പരിപാലിയ്ക്കുന്ന 47 പൊതു ടാപ്പുകൾ ഉള്ളതായാണ് കണക്കുകൾ സൂക്ഷിച്ചിട്ടുള്ളത്. പൊതു നിരത്തിലുള്ള പല ടാപ്പുകളും റോഡ് നവീകരണം, ടെലിഫോൺ കേബിൾ സ്ഥാപിയ്ക്കൽ പോലുള്ള പ്രവൃത്തികൾ മൂലം പ്രവർത്തനക്ഷമമല്ലാതെ വർത്തിക്കുന്നുവെങ്കിലും വർഷങ്ങൾക്കു മുൻപ് തിട്ടപ്പെടുത്തിയ പ്രസ്തുത കണക്കുകൾപ്രകാരമുള്ള ബില്ലുകളാണ് ഗ്രാമപഞ്ചായത്ത് ഓരോ മാസവും ഒടുക്കി വരുന്നത്. മുൻപ് നിലവിലുണ്ടായിരുന്ന നിരക്ക് (₹5250/-)രണ്ടു തവണ വർദ്ധിപ്പിച്ചതിലൂടെ ഏതാണ്ട് മൂന്നിരട്ടിയോളമായിട്ടുണ്ട്. (നിലവിലെ നിരക്ക് ടാപ്പൊന്നിന് പ്രതിവർഷം ₹14559.12/-). ₹246750/- ആയിരുന്ന വെള്ളക്കരം ₹684278/-ആയി ഉയർന്നത് ഗ്രാമപഞ്ചായത്തിന് വലിയ സാമ്പത്തിക പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. ഇതുവരെ വെള്ളക്കരം ആസ്തി പരിപാലന ഗ്രാന്റിൽ (റോഡിതരം) നിന്നാണ് വഹിച്ചിരുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.04.2023-ലെ ജി.ഒ(എം.എസ്) 90/2023 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച ആസ്തി പരിപാലന ഗ്രാന്റ് വിനിയോഗ മാർഗരേഖ (പരിഷ്ക്കരിച്ചത്) അനുസരിച്ച് പ്രസ്തുത ഫണ്ട് വെള്ളക്കരം ഒടുക്കലിന് തുടർന്നും ചെലവഴിക്കുന്നതിൽ നിരോധനമുണ്ട്. ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കുന്ന ഗ്രാമപഞ്ചായത്തിന് സർക്കാർ തീരുമാനം വലിയ ആഘാതമാണ്. ഗണ്യമായ തുക തനതു

ഫണ്ടിൽ നിന്ന് മുൻകൂറായി ഒടുക്കി ആസ്തി പരിപാലന ഗ്രാന്റിൽ നിന്ന് ക്രമീകരിക്കാൻ ഗ്രാമപഞ്ചായത്ത് കാത്തിരിക്കെയാണ് ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടിരിക്കുന്നത്. സംയുക്ത പരിശോധന നടന്ന് നാളുകളായതിനാൽ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്കും കരമൊടുക്കി വരുന്നുണ്ടെന്നത് തർക്കത്തിനിട നൽകാത്ത വസ്തുതയാണ്. ആകയാൽ അധികച്ചെലവ് ഒഴിവാക്കുന്നതിന് കാലികമായ പരിശോധന അനിവാര്യമാണ്. സംയുക്ത പരിശോധന നടത്തുവാൻ ജല അതോറിറ്റിക്ക് അറിയിപ്പ് നൽകി, താമസംവിനാ കണക്കുകൾ കൃത്യമാക്കി, യഥാർത്ഥ ഉപഭോഗത്തിനനനുസൃതമായാണ് വെള്ളക്കരം ഒടുക്കൽ നടക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-24 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യതാക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, വിതരണക്കാർ എന്നിവരിൽ നിന്ന് സ്വീകരിച്ച നിരതദ്രവ്യം, ഇവരുടെ സെക്യൂരിറ്റി നിക്ഷേപം, ലേല നിക്ഷേപം തുടങ്ങിയ ഇനങ്ങളിലായി 2016-17 മുതലുള്ള തുകകളാണ് ഇത്തരത്തിൽ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

| ഇനം | തുക | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|
| ലേലക്കാരുടെ നിരതദ്രവ്യം | 96850 | 31.03.2019-വരെ നിക്ഷേപിച്ച തുക |
| ലേലക്കാരുടെ സെക്യൂരിറ്റി നിക്ഷേപം | 21000 | |
| കരാറുകാരുടെ നിരതദ്രവ്യം | 3875 | |
| വിതരണക്കാരുടെ നിരതദ്രവ്യം | 24200 | |
| ആകെ | 145925 | |

2019 മാർച്ച് 31-ന മുൻപ് നിക്ഷേപിക്കപ്പെട്ടതും കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ തുകകൾ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതിനാൽ അവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തദനുസരണം രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

1-25 ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. നിക്ഷേപ രജിസ്റ്റർ പ്രകാരം പ്രസ്തുതയിനത്തിൽ തൻവർഷം ₹13,000/- വരവുണ്ട്. എന്നാൽ 2020 ഡിസംബർ മാസം നടന്ന തെരഞ്ഞെടുപ്പിൽ വിജയവും പ്രസ്തുത എണ്ണം വോട്ടും ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല.

വരണാധികാരിയിൽനിന്ന് ലഭിച്ച തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-26 സംയോജിത പദ്ധതികൾ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ നിർവഹണ ചുമതല വഹിക്കുന്ന ചില പ്രോജക്ടുകൾക്ക് കോൺട്രിബ്യൂട്ടിംഗ് പാർട്ണർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് തൻവർഷം തുക കൈമാറിയിട്ടുണ്ടെങ്കിലും അവയുടെ ചെലവു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | നിർവഹണ ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനം | കൈമാറിയ തുക | വൗച്ചർ/ബിൽ വിവരങ്ങൾ |
|---|---|---|---|
| എസ്138/23 PMAY ഗ്രാമപഞ്ചായത്ത് വിഹിതം | കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | 75000 | 22201076/ 25.03.2023 |
| എസ് 017/23വൃക്കരോഗികൾക്ക് ഡയാലിസിസ് | ഇടുക്കി ജില്ലാ പഞ്ചായത്ത് | 215000 | 22100852013701520572/ 28.03.2023 |

കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സുൽത്താനിയ കുടിവെള്ളപദ്ധതി ലക്ഷ്യം കൈവരിച്ചില്ല

സുൽത്താനിയ എസ്.സി. കോളനിയിൽ നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ കുളത്തിന് ആഴം കൂട്ടുന്നതിനും പാർശ്വഭിത്തികൾ ബലപ്പെടുത്തുന്നതിനും, കേടായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനും 2021-22 ൽ ആവിഷ്കരിക്കരിച്ച ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നു.

അളവുപുസ്തകവും ബില്ലും പ്രകാരം ₹248815/- ചെലവഴിച്ച ഈ പദ്ധതിയിൽ വാങ്ങിയ 210 മീറ്റർ പൈപ്പ് ഭൗതിക പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല. 940 മീറ്റർ പൈപ്പ് സ്ഥാപിക്കാതെ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു.

ഭൗതിക പരിശോധനയിൽ കണ്ടെത്താൻ സാധിക്കാത്ത 210 മീറ്റർ പൈപ്പിന് ചെലവായ ₹29770/- ഓഡിറ്റിൽ നിരാകരിക്കുന്നു. പദ്ധതി യഥാവിധി പൂർത്തിയാക്കാത്തതിനാൽ ബാക്കി ചെലവ് തുക ₹219405/- തടസ്സപ്പെടുത്തുന്നു. ഈ പരാമർശത്തിന്റെ പൂർണ്ണ വിവരങ്ങൾ ഖണ്ഡിക 1-18 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും.

മേൽ ചേർത്തിരിക്കുന്ന നിരാകരിച്ച തുക പദ്ധതി നിർവഹിച്ച അസി.എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. പദ്ധതി യഥാവിധി പൂർത്തിയാക്കാത്ത പക്ഷം തടസ്സപ്പെടുത്തിയ തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുന്നതിന് നിർദ്ദേശിക്കുന്നതാണ്. ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരുവിവരം ഖണ്ഡിക 4-9(ബി) യിൽ ചേർത്തിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022/23 | 1600000 | ലൈഫ് ഭവന പദ്ധതി-ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ(70/23) | 1400000 | മാപ്പിംഗ് വഴി ഗുണഭോക്താവിന്റെ ആക്കൌണ്ടിലേക്ക് നേരിട്ട് നല്കി |
| | 2022/23 | 187500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(108/23) | 187500 | മാപ്പിംഗ് വഴി ഗുണഭോക്താവിന്റെ ആക്കൌണ്ടിലേക്ക് നേരിട്ട് നല്കി |
| | 2022/23 | 500000 | ക്ഷീര കർഷകർക്ക് പാലിന് സബ് സിഡി(155/23) | 190000 | മാപ്പിംഗ് വഴി ഗുണഭോക്താവിന്റെ ആക്കൌണ്ടിലേക്ക് നേരിട്ട് നല്കി |
| | 2022/23 | 400000 | സുവർണ്ണ ഭവനം (216/23) | 400000 | മാപ്പിംഗ് വഴി ഗുണഭോക്താവിന്റെ ആക്കൌണ്ടിലേക്ക് നേരിട്ട് നല്കി |
| കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | 2022/23 | 187500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(108/23) | 187500 | മാപ്പിംഗ് വഴി ഗുണഭോക്താവിന്റെ ആക്കൌണ്ടിലേക്ക് നേരിട്ട് നല്കി |
| | 2022/23 | 204193 | ക്ഷീര കർഷകർക്ക് പാലിന് സബ് സിഡി(155/23) | 200000 | മാപ്പിംഗ് വഴി ഗുണഭോക്താവിന്റെ ആക്കൌണ്ടിലേക്ക് നേരിട്ട് നല്കി |
| | 2022/23 | 900000 | ലൈഫ് 2020 ഭവന പദ്ധതി (201/23) | 210000 | മാപ്പിംഗ് വഴി ഗുണഭോക്താവിന്റെ ആക്കൌണ്ടിലേക്ക് നേരിട്ട് നല്കി |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ ₹3320000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷത്തെ വായ്പ തുക ₹ | ആകെ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ ലൈഫ് ഭവന പദ്ധതി | - | 13792958 | 3320000 | 17112958 | 1739208 | 0 | 15373750 |

## 4-5 സ്ഥിര നിക്ഷേപം

- ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 39(A) | 1999-2000 | IV-25 | ചെറുകിട ജലസേചന പദ്ധതിയിൽ വ്യാജമായി ഗുണഭോക്താക്കളെ ചേർത്തു | വ്യക്തമല്ല |
| 1997-98 | 39(B) | 1999-2000 | IV-25 | പുതിയ വ്യവസായ യൂണിറ്റിനുള്ള ധനസഹായം അധികം നൽകി | - ടി - |
| 2015-16 | 2-1 | 2016-17 | Annexure-4 | വസ്തു നികുതി അപാകതകൾ | - ടി - |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

### (എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) (₹) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക (₹) | അവശേഷിക്കുന്ന തുക/ ബാധ്യത (₹) | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക (₹) | | | | ഉൾപ്പെട്ട തുക (₹) | ഈടാക്കിയ തുക (₹) | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1997-98 | 27ബി | സുകുമാരൻ നായർ, സെക്രട്ടറി | LF-1461/Spl Cell/SC2 /01/01 Dt. 14.09.2001 | 500 | | | | | | | | |
| 2 | 1997-98 | 28 | സുകുമാരൻ നായർ, സെക്രട്ടറി | LF-1461/Spl Cell/SC2 /01/01 Dt. 14.09.2001 | 1443 | | | | | | | | |

### (ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) (₹) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) (₹) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക (₹) | അവശേഷിക്കുന്ന തുക/ ബാധ്യത (₹) | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക (₹) | | | | ഉൾപ്പെട്ട തുക (₹) | ഈടാക്കിയ തുക (₹) | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2000-01 | 24 | ലൌലി അഗസ്റ്റിൻ, കൃഷി ഓഫീസർ | LF-12366/Spl Cell/CSC /C1/2003 Dt. 12.01.2004 | | 69/25728/ 24.06.2006, ₹5000/- | | | | | | | |
| 2 | 2001-02 | 3 | സി. എം. പോൾ, സെക്രട്ടറി | LF-12366/Spl Cell/SC/2006 Dt. 16.03.2006 | | 18/5728/ 04.09.2006, ₹1861/- | | | | | | | |
| 3 | 2006-07 | 3-14 | രാജീവ് എൻ., കൃഷി ഓഫീസർ | LF-15684/Spl Cell/CSC /C1/2011 Dt. 10.06.2013 | 25000 | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹17768959 |
| വരവ് | ₹30531293 |
| ആകെ | ₹48300252 |
| ചെലവ് | ₹27202366 |
| നീക്കിയിരിപ്പ് | ₹21097886 |

(കുറിപ്പ്- പഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്.)

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹29770 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹339045 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | | |
| 3-1 | -- | 29770 | 14885 | ശ്രീമതി ഷീജ കെ.ജി, അസി.എഞ്ചിനീയർ |
| | | | 14885 | ശ്രീമതി ജിനിത കെ.എൽ, അസി.എക്സി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 219045/- | ശ്രീമതി ഷീജ കെ ജി,അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-21 | 120000/- | ഡോ. സാം കെ. സലാം ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷീജാ കെ.ജി. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | നെടുമ്പള്ളിൽ വീട്, വലിയതോവാള പി.ഒ., കട്ടപ്പന, ഇടുക്കി ജില്ല |
| ശ്രീ. സാം കെ സലാം, സെക്രട്ടറി | സെക്രട്ടറി, വെണ്ണിക്കുളം ഗ്രാപഞ്ചായത്ത് | മാങ്കൂട്ടത്തിൽ, പടുതോട് പി.ഒ., വെണ്ണിക്കുളം, പത്തനംതിട്ട ജില്ല |
| ശ്രീമതി ജിനിത കെ.എൽ അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ, കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | തെക്കേൽ വീട്, ഇടവെട്ടി പി ഒ, തൊടുപുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക നമ്പർ |
|---|---|---|---|
| 1997-98 | കെ.എസ്.എ.ഐ.ഡി.കെ-9-657/2018/ 19.05.2018 | 4 | ഖ.27 (ബി), 28, 39, 40 |
| 2006-07 | കെ.എസ്.എ.ഐ.ഡി.കെ.പി3/ 1378/2006-07/ (അദാലത്ത്-സെപ്റ്റംബർ)/2022/15.09.2022 | 01 | 3-14 |
| 2008-09 | എൽ.എഫ്.ഐ.9-1085/16 തീ.01.09.2016 | 14 | 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 4-3 |
| 2009-10 | എൽ.എഫ്.ഐ.9-366/17 തീ.21.04.2017 | 7 | 1-1, 1-2, 2-1(1), (2), 3-3, 3-5, 4-3, 4-6 |
| 2010-11 | കെ.എസ്.എ.ഐ.ഡി.കെ.പി3/1378/2010-11/ (അദാലത്ത്-സെപ്റ്റംബർ)/ 2022/15.09.2022 | 01 | 3-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.പി3/ 1378/2015-16/ (അദാലത്ത്-സെപ്റ്റംബർ)/2022/15.09.2022 | 02 | 2-1, 2-2 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.പി3/ 1378/2016-17/ (അദാലത്ത്-സെപ്റ്റംബർ)/2022/15.09.2022 | 04 | 3-1, 3-2, 3-3, 3-4 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.പി3/1378/2017-18/ (അദാലത്ത്-സെപ്റ്റംബർ)/2022/15.09.2022 | 03 | 2-3, 3-4, 3-12 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.പി3/ | 05 | 2-4, 3-1, 3-4, |

| | | | |
|---|---|---|---|
| | 1378/2018-19/ (അദാലത്ത്-സെപ്റ്റംബർ)/2022/15.09.2022 | | 3-6, 3-7 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-9/347/2021 | 15 | 1-9, 1-10, 1-11,<br>1-12, 1-13, 1-14,<br>1-6, 1-17, 1-18,1-19, 1-20,<br>1-21, 1-22,<br>1-23, 1-24 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-9/624/2022/ 03.06.2022 | 21 | 1-1 മുതൽ 1-19 വരെ, 3-1,<br>3-2 |
| 2021-22 | കെ.എസ്.എ-ഐ.ഡി.കെ.പി3-138/2023 തീ. 05.04.2023 | 15 | 1-8 മുതൽ 1-22വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 22-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Ayyappancoil Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ayyappancoil Grama Panchayat for the year 2022-2023

Date: 07/10/2023

Deputy Director
District Office Idukki
Kerala State Audit Department

**Audit Report appended to the Audit Certificate of Ayyappancoil Grama Panchayat for the Year 2022-2023 .**

**1.Major Observations**

1. All Mandatory financial statements prescribed in accounting rules are not submitted for audit.

2. Non-disclosure of Assets. Asset register is not comprehensive and up to date.

**2.Other Observations**

1. Cash flow statement- Net increase/decrease in cash flow does not match with the difference between opening balance and closing balance of cash equivalants.

2. Directly credited by Bank account not taken into account. (Online payment account maintained for property tax.)

3.Demand register does not match with Financial statments

4.Lapse in making timely and accurate demand entires in respect of tax and non-tax revenue.

5. Depreciation provided for the Assets is not correct.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്